## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.251 — 28.11.2018 ൽ മറുപടിക്ക്

### ചിറ്റൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ആരോഗ്യ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ചിറ്റൂർ നിയോജകമണ്ഡലത്തിലെ നന്ദിയോട് സി.എച്ച്.സി.യെയും വണ്ണാമട, പെരുവമ്പ്, നല്ലേപ്പിള്ളി, പെരുമാട്ടി പി.എച്ച്.സി.കളെയും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അവ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | പാലക്കാട് ജില്ലയിൽ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ആറ് ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.. |

സെക്ഷൻ ഓഫീസർ